Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph: 8075303289

9.2.2018

Sir,

**<u>സ്വഭവനത്തിൽ സ്വൈരമായി കഴിയാനുള്ള മനുഷ്യാവകാശം</u>**

എന്റെ അപേക്ഷ സ്വീകരിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

ഇതിന് മുൻപ് പല തവണ ഈ വിഷയത്തിൽ അപേക്ഷകൾ സമർപ്പിച്ചെങ്കിലും കാര്യമായ യാതൊരു നടപടികളും ഉണ്ടായിട്ടില്ല.

Conditions for Issue of Loud-speaker Licence Notification U6-30380 dated 28.11.2002 ലെ പല Conditions ഉം ലംഘിച്ചുകൊണ്ടാണ് ഉച്ചഭാഷിണികൾ ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

1. *Circular Guidelines No. 2:* **ന്റെ ലംഘനം.**
2. *U6-30380 Condition No. 6:* **10 pm നും 6 am നും ഇടക്ക് ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടില്ല എന്നതിന്റെ ലംഘനം.**
3. *U6-30380 Condition No. 12:* **300 മീറ്റർ ദൂരപരിധി ലംഘനം.**
4. *U6-30380 Condition No. 4, 7, 8, 9:* **എന്നിവയിലെ ലംഘനവും സർവ്വസാധാരണമാണ്.**

ഇങ്ങനെ നിയമലംഘനം നടത്തി ആബാലവൃദ്ധജനങ്ങളേയും ദ്രോഹിക്കുന്ന സാമൂഹ്യദ്രോഹികൾക്കെതിരെ ടി Notification ൽ വളരെ വ്യക്തമായി 16 (C) യിൽ പറഞ്ഞിട്ടുള്ള **<u>"1 ലക്ഷം രൂപ വരെ പിഴയും 5 വർഷം വരെ തടവും അല്ലെങ്കിൽ രണ്ടും"</u>** എന്നത് നടപ്പാക്കി ആരാധനാലയങ്ങളിൽ കുമിഞ്ഞ്കൂടുന്ന പണത്തിന്റെ ചെറിയൊരംശമെങ്കിലും സാമ്പത്തികമായി ബുദ്ധിമുട്ടുന്ന സർക്കാർ ഖജനാവിൽ എത്തേണ്ടതാണ്. ഇതിന് തടസ്സമായി നിൽക്കുന്നത് ലോക്കൽ പോലീസും നിയമലംഘനം നടത്തുന്ന സാമൂഹ്യദ്രോഹികളും തമ്മിലുള്ള Nexus ആണ്. ഇങ്ങനെ നിയമലംഘനം നടത്താൻ അനുവദിക്കുന്നതുകൊണ്ട് ഈ കൂട്ടർ beneficiaries ആകുകയും സർക്കാർ ഖജനാവിൽ എത്തേണ്ട തുക നഷ്ടപ്പെടുകയും ചെയ്യുകയാണ്. അതിനാൽ അടിയന്തിരമായി **<u>ഹൈടെക് സംവിധാനങ്ങൾ സജ്ജീകരിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവരുടെ മേൽവിലാസത്തിൽ നോട്ടീസ് അയച്ച് പിഴയടപ്പിക്കുന്നത് പോലെ, നിയമലംഘനം നടത്തുന്ന ആരാധനാലയ നടത്തിപ്പ്കാർക്കെതിരെയും മൈക്ക് സെറ്റ് കാർക്കെതിരെയും നോട്ടീസ് അയച്ച് പിഴയടപ്പിക്കാൻ Special Squad നെ നിയോഗിക്കേണ്ടതാണ്.</u>**

**ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള സർക്കുലർ, Notification U6-30380, ജില്ലാ മജിസ്ട്രേറ്റിന്റെ നടപടിക്രമം എന്നിവ ലംഘിക്കുന്നവരെ നേരിട്ട് തടസ്സപ്പെടുത്താതെ നോട്ടീസ് അയച്ച് പിഴയടപ്പിക്കാനായി Special Squad നെ നിയോഗിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.**

Yours truly,



(Subhash S)